**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1211 02/05/2017-ൽ മറുപടി നൽകേണ്ടിയിരുന്നത്**

**എം.എൻ. ലക്ഷംവീട് പദ്ധതി**

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | എം.എൻ. ലക്ഷംവീട് കോളനി പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന എത്ര വീടുകൾ സംസ്ഥാനത്ത് അനുവദിച്ചിട്ടുണ്ട്; | (എ) | എം.എൻ. ലക്ഷംവീട് കോളനി പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന 14717 വീടുകൾ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഇതിൽ എത്ര ഒറ്റ വീടുകളെ ഇരട്ട വീടുകൾ ആക്കുവാനുദ്ദേശിക്കുന്നുണ്ട്; ഈ പദ്ധതി നടപ്പിലാക്കുമ്പോൾ എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകൾ ഗുണഭോക്താക്കൾ നേരിടുമോ ; വിശദമാക്കുമോ; | (ബി) | 1971 ഒറ്റ വീടുകളെ ഇരട്ട വീടുകളാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. മുൻ വർഷങ്ങളിൽ സ്ഥലപരിമിതി, വീട് നിർമ്മാണം പൂർത്തിയാക്കുവാൻ മതിയാകാത്ത ധനസഹായം, നിലവിൽ യഥാർത്ഥ ഗുണഭോക്താക്കൾ ഇപ്പോൾ ഇല്ലാത്ത അവസ്ഥ എന്നിവ പദ്ധതി നടത്തിപ്പിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകളാണ്. |
| (സി) | മുൻകാലങ്ങളിൽ അനുവദിച്ചതു പോലെ എം.എൻ. ലക്ഷംവീട് പദ്ധതി പ്രകാരം ഒറ്റ വീട് അനുവദിക്കുന്നതിനെപ്പറ്റി ആലോചിക്കുന്നുണ്ടോ? | (സി) | വാസയോഗ്യമല്ലാത്ത വീടുകൾ സമ്പൂർണ്ണ ഭവനപദ്ധതി (LIFE)-ൽ ഉൾപ്പെടുത്തി ഒറ്റ വീടുകളായി നിർമ്മിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**